പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3122 13.07.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിലെ ഡ്രൈവർമാരുടെ ഒഴിവുകൾ

| ചോദ്യം<br>ശ്രീമതി. ഇ.എസ്. ബിജിമോൾ : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ നിലവിൽ എത്ര ഡ്രൈവർമാരുടെ ഒഴിവുകൾ ഉണ്ട്; | (എ) | കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ 568 ഡ്രൈവർമാരുടെ ഒഴിവുകൾ ഉണ്ട്. |
| (ബി) | 23-8-2012-ൽ നിലവിൽ വന്ന കെ.എസ്.ആർ.ടി.സി റിസർവ് ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്ന് പി.എസ്.സി എത്രപേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട് ; നിയമന ശിപാർശ നൽകിയ എത്ര പേർക്ക് കെ.എസ്.ആർ.ടി.സി നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | റിസർവ്വ് ഡ്രൈവർ തസ്തികയിലേക്ക് പി.എസ്.സി അഡ്വൈസ് ചെയ്ത ലിസ്റ്റിൽ 3974 പേർ ഉണ്ടായിരുന്നു. ഇതിൽ കെ.എസ്. ആർ.ടി.സി 3939 പേർക്ക് നിയമനം നൽകി. 35 പേരുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ പി.എസ്.സി.യിൽ നിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അവർക്ക് നിയമനം നൽകിയിട്ടില്ല. |
| (സി) | നിയമനം നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ; | | |
| (ഡി) | നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ; | (ഡി) | സ്വീകരിച്ചു വരുന്നു. |
| (ഇ) | നിലവിൽ കെ.എസ്.ആർ.ടി.സി യിൽ എംപാനൽ ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ ഇത്തരം ആളുകൾക്ക് പകരം പി.എസ്.സി ലിസ്റ്റിൽ നിന്ന് | (ഇ) | ഉണ്ട്. സ്ഥിര ജീവനക്കാരുടെ താൽക്കാലികമായുണ്ടാകുന്ന ഒഴിവിലേക്ക് സർവ്വീസ് റദ്ദാക്കുന്നത് തടയാനായാണ് താൽക്കാലിക ഡ്രൈവർമാരെ നിയമിക്കുന്നത്. സ്ഥിരമായുള്ള ഒഴിവുകളിലേക്കല്ല താൽക്കാലിക |

| | |
|---|---|
| നിയമനം നടത്തുവാൻ നടപടി സ്വീകരിയ്ക്കുമോ? | ഡ്രൈവർമാരെ നിയമിക്കുന്നത്. ആയതിനാൽ ഇത്തരത്തിൽ ജോലി ചെയ്യുന്ന താൽക്കാലിക ഡ്രൈവർമാർക്ക് പകരം പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസര